**പതിനഞ്ചാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2446** **15-10-2024-ൽ മറുപടിയ്ക്ക്**

**<u>ആരോഗ്യ ഇൻഷ്വറൻസ് കുടിശിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ലിന്റോ ജോസഫ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. ലിന്റോ ജോസഫ് (മുഖ്യമന്ത്രി)

**(എ)** മെഡിസെപ്പ്, കെ.എ.എസ്.പി. പദ്ധതികൾക്ക് നിലവിൽ സർക്കാർ കുടിശിക നൽകാനുണ്ടോയെന്ന് അറിയിക്കുമോ;

**<u>മറുപടി:</u>** മെഡിസെപ് പദ്ധതിയിൽ സർക്കാർ ഓരോ വർഷത്തേയും പ്രീമിയം തുക നാല് ഗഡുക്കളായി മുൻകൂറായാണ് ഇൻഷ്വറൻസ് കമ്പനിക്ക് നൽകി വരുന്നത് എന്നതിനാൽ ഈ പദ്ധതിയിൽ കുടിശികയൊന്നും നൽകുവാനില്ല. എന്നാൽ കെ.എ.എസ്.പി. പദ്ധതിക്ക് നിലവിൽ സർക്കാർ കുടിശിക നൽകാനുണ്ട്.

**(ബി)** എങ്കിൽ പ്രസ്തുത പദ്ധതികൾക്ക് എത്ര തുക വീതമാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കെ.എ.എസ്.പി. പദ്ധതിക്ക് നിലവിലുള്ള കുടിശിക 1321.69 കോടി രൂപയാണ്.

**(സി)** കുടിശിക തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>മറുപടി:</u>** കെ.എ.എസ്.പി. പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം ഇതുവരെ 469.00 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഭരണവകുപ്പ് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി കുടിശിക തുക അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**